# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:14.09.2026**

## പ്രധാനവാർത്തകൾ

1. ന്യൂഡൽഹിയിൽ നടന്ന ബ്രിക്സ് ഉച്ചകോടി ഫലപ്രദവും ക്രിയാത്മകവുമാക്കി മാറ്റിയതിന് അംഗരാജ്യങ്ങൾക്ക് നന്ദി അറിയിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി.
2. കേരള സന്ദർശനത്തിൻറെ ഭാഗമായി മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിം ഇന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, മുഖ്യമന്ത്രി വി. ഡി. സതീശൻ എന്നിവരുമായി കൂടിക്കാഴ്ച നടത്തും.
3. വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ **NTPC**-യുമായി ചർച്ചകൾ പുരോഗമിക്കുന്നതായി മന്ത്രി സണ്ണി ജോസഫ്.
4. സംസ്ഥാനത്തെ 38 തദ്ദേശഭരണ വാർഡുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പിൽ നാമനിർദേശ പത്രിക പിൻവലിക്കാനുള്ള അവസാന ദിനം ഇന്ന്.
5. സംസ്ഥാനത്ത് ഇന്ന് മുതൽ പരക്കെ മഴയ്ക്ക് സാധ്യത. പത്തനംതിട്ട, ഇടുക്കി, പാലക്കാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.
6. യു.എസ് ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസ് കിരീടം ജർമ്മനിയുടെ അലക്സാണ്ടർ സ്വെറെവിന്.

******************************************

RNU TVPM

## ബ്രിക്സ് പ്രധാനമന്ത്രി - നന്ദി

ബ്രിക്സ് ഉച്ചകോടി ഫലപ്രദവും ക്രിയാത്മകവുമാക്കി മാറ്റിയതിന് അംഗരാജ്യങ്ങൾക്ക് നന്ദി അറിയിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. രണ്ടുദിവസം നീണ്ടുനിന്ന ഉച്ചകോടിയിലെ പ്രധാന നിമിഷങ്ങൾ ഉൾക്കൊള്ളുന്ന വീഡിയോ സമൂഹമാധ്യമത്തിൽ പങ്കുവെച്ചുകൊണ്ടാണ് പ്രധാനമന്ത്രിയുടെ പ്രതികരണം. റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിൻ, ചൈനീസ് പ്രസിഡൻറ് ഷി ജിൻപിംഗ്, ഇറാൻ പ്രസിഡൻറ് മസൂദ് പെസെഷ്കിയാൻ, അബുദാബി കിരീടാവകാശി മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ, മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിം ഉൾപ്പെടെയുള്ളവർ ഉച്ചകോടിയിൽ പങ്കെടുത്തിരുന്നു.

*********************************

## മലേഷ്യൻ പ്രധാനമന്ത്രി

കേരള സന്ദർശനത്തിൻറെ ഭാഗമായി മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിം ഇന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, മുഖ്യമന്ത്രി വി. ഡി. സതീശൻ എന്നിവരുമായി കൂടിക്കാഴ്ച നടത്തും. വ്യാപാരം, നിക്ഷേപം, ടൂറിസം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലെ ഉഭയകക്ഷി സഹകരണത്തെക്കുറിച്ച് ചർച്ച ചെയ്യും. ഇന്നലെ വൈകീട്ട് കോഴിക്കോട്ടെത്തിയ അദ്ദേഹം മർക്കസിലും മടവൂർ മഖാമിലും സന്ദർശനം നടത്തിയിരുന്നു.

*********************************

## 108 ആംബുലൻസ് -ബിന്ദു കൃഷ്ണ

108 ആംബുലൻസ് ജീവനക്കാരുടെ ബോണസ് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന് മന്ത്രി ബിന്ദു കൃഷ്ണയുടെ അധ്യക്ഷതയിൽ ഇന്ന് യോഗം ചേരും. തിരുവനന്തപുരത്ത്

PNU TVPM

വൈകുന്നേരം 3 മണിക്കാണ് യോഗം. 108 ആംബുലൻസ് ജീവനക്കാരുടെ ബോണസ് സംബന്ധിച്ച് ലേബർ കമ്മീഷണർക്ക് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിലാണ് യോഗം ചേരുന്നത്. ജീവനക്കാർ, കരാർ കമ്പനി, തൊഴിലാളി യൂണിയൻ തുടങ്ങിയവയുടെ പ്രതിനിധികൾ പങ്കെടുക്കും. വിവിധ തൊഴിലാളി സംഘടനകളുമായി ഈ മാസം 9 ന് ലേബർ കമ്മിഷണർ ചർച്ച നടത്തിയെങ്കിലും പരാജയപ്പെടുകയായിരുന്നു.

*********************************

<u>മന്ത്രി സണ്ണി ജോസഫ് (ഇൻട്രോ)</u>

സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാനുള്ള ശ്രമം തുടരുന്നതായി മന്ത്രി സണ്ണി ജോസഫ് . കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കാൻ NTPC യുമായി ചർച്ച നടത്തുന്നതായും അദ്ദേഹം വ്യക്തമാക്കി. ആര്യാടൻ മുഹമ്മാദിൻറെ റദ്ദാക്കപ്പെട്ട വൈദ്യുതി കരാർ പുനഃസ്ഥാപിക്കാനുള്ള നിയമനടപടിയുമായി മുന്നോട്ടു പോവുകയാണെന്നും അദ്ദേഹം പറഞ്ഞു. (വോയിസ്)

RNU TVPM

*********************************

<u>ഉപതിരഞ്ഞെടുപ്പ്</u>

സംസ്ഥാനത്തെ 38 തദ്ദേശഭരണ വാർഡുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പിലെ നാമനിർദേശ പത്രിക പിൻവലിക്കാനുള്ള അവസാന ദിവസം ഇന്ന്. ഈ മാസം 28 ന് വോട്ടെടുപ്പ് നടക്കും. 29 നാണ് ഫലപ്രഖ്യാപനം.

*********************************

<u>മുഖ്യമന്ത്രി ഫ്ലാഗ് ഓഫ്</u>

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ 64 പുതിയ ഔദ്യോഗിക വാഹനങ്ങൾ മുഖ്യമന്ത്രി വി.ഡി. സതീശൻ ഇന്ന് ഫ്ലാഗ് ഓഫ് ചെയ്യും. വകുപ്പിലെ ഓഡിറ്റ്, ഇന്റലിജൻസ്, ടാക്സ്

പേയർ സർവീസസ് വിഭാഗങ്ങളുടെ ഫീൽഡ് തല പ്രവർത്തനങ്ങളും നിരീക്ഷണങ്ങളും കൂടുതൽ ഊർജിതമാക്കുകയാണ് ലക്ഷ്യം.

********************************

## ഹിന്ദി ദിവസ്

രാജ്യത്തുടനീളം ഇന്ന് ഹിന്ദി ദിവസ് ആചരിക്കുന്നു. ഹിന്ദി ദിവസ് ആഘോഷങ്ങളുടെയും ആറാമത് അഖിലേന്ത്യാ ഔദ്യോഗിക ഭാഷാ സമ്മേളനത്തിന്റെയും ഉദ്ഘാടനം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് മുംബൈയിൽ നിർവഹിക്കും. 2025-26 വർഷത്തെ രാജ്ഭാഷാ ഗൗരവ്, രാജ്ഭാഷാ കീർത്തി പുരസ്കാരങ്ങൾ അദ്ദേഹം ചടങ്ങിൽ സമ്മാനിക്കും.

********************************

## ഹിന്ദി ദിവസ് (ഇൻട്രോ)

ഹിന്ദി ഭാഷയുടെ പ്രചാരത്തിനായി ഹിന്ദി പ്രചാരസഭ മികച്ച പ്രവർത്തനമാണ് സംസ്ഥാനത്ത് നടത്തുന്നത്. ഹിന്ദി ദിവസിനെ കുറിച്ച് യൂണിവേഴ്സിറ്റി കോളേജ് മുൻ പ്രിൻസിപ്പലും ,കേരള ഹിന്ദി പ്രചാരക സഭയുടെ കേരൾ ജ്യോതി മാസികാ എഡിറ്ററുമായ **M.S വിനയചന്ദ്രൻ ആകാശവാണി വാർത്തകളോട്............**

**(ഹോൾഡ് വോയ്സ്)**

********************************

## ഹിന്ദി ദിനാചരണം-കോഴിക്കോട്

ഹിന്ദി ദിനാചരണത്തിൻറെ ഭാഗമായി കോഴിക്കോട് ജില്ലയിൽ വിപുലമായ പരിപാടികൾ നടക്കും. വൈകുന്നേരം നാലിന് നടക്കുന്ന ദിനാചരണ പരിപാടി ദക്ഷിണ ഭാരത ഹിന്ദി പ്രചാര സഭ ഭരണ സമിതി മെമ്പർ ഗോപി ചെറുവണ്ണൂർ ഉദ്ഘാടനം ചെയ്യും.

********************************

RNUTVPM

## മാണി സി.കാപ്പൻ

സാമ്പത്തിക തട്ടിപ്പുകേസിൽ മുംബൈ ബോറിവലി മജിസ്ട്രേറ്റ് കോടതി തടവുശിക്ഷക്ക് വിധിച്ച പാലാ എം.എൽ.എ മാണി സി.കാപ്പനെ അയോഗ്യനാക്കണമെന്നാവശ്യപ്പെട്ടുള്ള ഹർജി ഹൈക്കോടതി പരിഗണിച്ചു. ഇത് സംബന്ധിച്ച് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനും മാണി സി. കാപ്പനും ഹൈക്കോടതി നോട്ടീസ് അയച്ചു. കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടതെന്നും കോടതി വ്യക്തമാക്കി. മാണി സി.കാപ്പനെ ജനപ്രാതിനിധ്യ നിയമ പ്രകാരം അയോഗ്യനാക്കണമെന്നാവശ്യപ്പെട്ടാണ് ഹർജി.

*********************************

## മഴ

സംസ്ഥാനത്ത് ഇന്ന് മുതൽ പരക്കെ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, ഇടുക്കി, പാലക്കാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

RNU TVPM

*********************************

## വിനായക ചതുർത്ഥി

ഇന്ന് വിനായക ചതുർഥി. രാജ്യത്തിൻറെ വിവിധയിടങ്ങളിൽ ദിവസങ്ങൾ നീളുന്ന ആഘോഷ പരിപാടികൾ പുരോഗമിക്കുകയാണ്. ഗണപതി ക്ഷേത്രങ്ങളിൽ ഇന്ന് പ്രത്യേക പൂജകളും നടക്കും. ഗണേശ വിഗ്രഹങ്ങൾ ജലാശയങ്ങളിൽ നിമജ്ജനം ചെയ്യുന്ന ചടങ്ങോടെ ആഘോഷങ്ങൾക്ക് സമാപമാകും. രാഷ്ട്രപതി ദ്രൗപദി മുർമു, ഉൾപ്പെടെയുള്ള പ്രമുഖർ ജനങ്ങൾക്ക് ഗണേശ ചതുർത്ഥി ആശംസകൾ നേർന്നു.

*********************************

**വിനായക ചതുർത്ഥി (ഇൻട്രോ)**

സംസ്ഥാനത്തെ ഗണപതിക്ഷേത്രങ്ങളിൽ വിനായക ചതുർത്ഥി പൂജകളിൽ പങ്കെടുക്കാൻ വൻ ഭക്തജനതിരക്ക്. ചിങ്ങമാസത്തിലെ വെളുത്ത പക്ഷത്തിലെ ചതുർത്ഥി ദിനമാണ് വിനായക ചതുർത്ഥിയായി ആഘോഷിക്കുന്നത്.

**വിശദാംശങ്ങളുമായി തിരുവനന്തപുരത്ത് നിന്നും ആകാശവാണി പ്രതിനിധി രെജു കോലിയക്കോട്... (ഹോൾഡ് വോയ്സ്)**

*******************************************

**യു.എസ് ഓപ്പൺ ടെന്നീസ്**

യു.എസ് ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസ് കിരീടം ജർമ്മനിയുടെ അലക്സാണ്ടർ സ്വെറെവ് സ്വന്തമാക്കി. ന്യൂയോർക്കിൽ നടന്ന ഫൈനൽ മത്സരത്തിൽ അമേരിക്കയുടെ ബെൻ ഷെൽട്ടനെ 6–3, 7–6, 5–7, 6–2 ന് പരാജയപ്പെടുത്തിയാണ് കിരീട നേട്ടം.

*******************************************

**സ്വർണം**

സ്വർണ്ണവില കുറഞ്ഞു. പവന് 240 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 13,000 രൂപയും ഗ്രാമിന് 14,125 രൂപയുമാണ് ഇന്നത്തെ വില.

*******************************************

**ബേബി ജോണിന്റെ സംസ്കാരം**

അന്തരിച്ച മുതിർന്ന സി പി എം നേതാവ് ബേബി ജോണിന്റെ സംസ്കാരം ഇന്ന് നടക്കും. സിപിഐഎം തൃശ്ശൂർ ജില്ലാ കമ്മിറ്റി ഓഫീസിൽ മൃതദേഹം പൊതു പൊതുദർശനത്തിന് വച്ചു. സിപിഐഎം പൊളിറ്റ് ബ്യൂറോ അംഗം എ വിജയരാഘവൻ, സിപിഐഎം കേന്ദ്രകമ്മിറ്റി അംഗം ഇ പി

RNU TVPM

ജയരാജൻ, ഡിസിസി പ്രസിഡണ്ട് ജോസഫ് ടാജറ്റ് ഉൾപ്പെടെയുള്ളവർ അന്ത്യോപചാരം അർപ്പിച്ചു.

*********************************

## ഹാൻസ് മോഷണം

വയനാട് ബത്തേരി പോലീസ് സ്റ്റേഷനിലെ ഹാൻസ് മോഷണ കേസിൽ പ്രതിയെ തിരിച്ചറിഞ്ഞു. സീനിയർ സിവിൽ പോലീസ് ഓഫീസർ ഗ്രേഡ് സബിത് ആണ് പ്രതി. തൊണ്ടിമുതലായി സൂക്ഷിച്ച ഏഴ് ചാക്ക് ഹാൻസാണ് ഇയാൾ മോഷ്ടിച്ചത്. മോഷണ ശേഷം ഓഗസ്റ്റ് 22 മുതൽ അവധിയിൽ പ്രവേശിച്ച ഇയാൾ, വിവരം പുറത്തിറഞ്ഞതു മുതൽ ഒളിവിലാണെന്നും പോലീസ് അറിയിച്ചു.

*********************************

RNU TVPM

## ആധാർ സേവാ കേന്ദ്രം

പത്തനംതിട്ട ജില്ലയിൽ പുതിയ ആധാർ സേവാ കേന്ദ്രം പ്രവർത്തന സജ്ജമായി. ജില്ലാ കളക്ടർ എ.നിസാമുദ്ദീൻ ഉദ്ഘാടനം നിർവഹിച്ചു. ആധാർ എടുക്കുന്നതിനും വിവരങ്ങൾ പുതുക്കുന്നതിനുമായുള്ള തിരക്ക് പരിഹരിക്കാനും, പരാതി പരിഹാരം ഉൾപ്പെടെയുള്ള സേവനങ്ങൾ നേരിട്ട് ലഭ്യമാക്കാനും ആധാർ സേവാ കേന്ദ്രത്തിലൂടെ സാധിക്കും.

*********************************

## സേവാ സങ്കൽപ്പ് അഭിയാൻ

രാജ്യവ്യാപകമായി 'സേവാ സങ്കൽപ്പ് അഭിയാൻ' പ്രചാരണ പരിപാടി ക്ക് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ തുടക്കം കുറിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ 25 വർഷത്തെ പൊതുസേവന സ്മരണയിലും, 2047ഓടെ ജനപങ്കാളിത്തത്തിൽ 'വികസിത ഭാരതം' എന്ന ലക്ഷ്യത്തിലേക്ക് മുന്നേറുന്നതിനുമായാണ് ഒക്ടോബർ 17 വരെ നീളുന്ന പ്രചാരണ പരിപാടിക്ക് തുടക്കമിട്ടത്. എല്ലാ സംസ്ഥാനങ്ങളിലും

കേന്ദ്രഭരണ പ്രദേശങ്ങളിലും ലോക്സഭാ-നിയമസഭാ മണ്ഡലങ്ങളിലും ബൂത്ത് തലങ്ങളിലും വിപുലമായ പരിപാടികൾ സംഘടിപ്പിക്കും .

*********************************

<u>ലോകകപ്പ് അമ്പെയ്ത്ത്</u>

മെക്സിക്കോയിൽ നടന്ന ലോകകപ്പ് അമ്പെയ്ത്തിൽ ചരിത്രം കുറിച്ച് ഇന്ത്യയുടെ ധീരജ് ബൊമ്മദേവര. ഫൈനലിൽ ജപ്പാന്റെ നകാനിഷി ജുന്യയെ 6-5 എന്ന സ്കോറിനാണ് പരാജയപ്പെടുത്തിയത്. ഇതോടെ, ഈ നേട്ടം കൈവരിക്കുന്ന ആദ്യ ഇന്ത്യൻ പുരുഷ റിക്കർവ് ആർച്ചറായി ധീരജ് ബൊമ്മദേവര മാറി.

*********************************

RNU TVPM

<u>ഏഷ്യാ കപ്പ് വനിതാ ട്വൻറി -20 ക്രിക്കറ്റ്</u>

ഏഷ്യാ കപ്പ് വനിതാ ട്വൻറി -20 ക്രിക്കറ്റ് കിരീടം ഇന്ത്യക്ക്. ഫൈനലിൽ നിലവിലെ ചാമ്പ്യന്മാരായ ശ്രീലങ്കയെ 72 റൺസിന് പരാജയപ്പെടുത്തിയാണ് എട്ടാം തവണയും ഇന്ത്യ കിരീടം സ്വന്തമാക്കിയത്. ഇന്ത്യയ്ക്ക് വേണ്ടി ഓപ്പണർമാരായ ഷഫാലി വർമ്മയും സ്മൃതി മന്ദാനയും ചേർന്ന് 129 റൺസ് നേടി. ഷഫാലി വർമ്മയാണ് പ്ലെയർ ഓഫ് ദി മാച്ച്. കിരീട ജേതാക്കളായ ഇന്ത്യൻ ടീമിനെ രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവർ അഭിനന്ദിച്ചു.

*********************************

<u>ഫാസ്റ്റ് 5 നെറ്റ് ബോൾ ചാമ്പ്യൻഷിപ്പ്</u>

കൊല്ലം ജില്ലയിൽ നടന്ന സംസ്ഥാന ജൂനിയർ ഫാസ്റ്റ് 5 നെറ്റ് ബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ കോഴിക്കോടും, പെൺകുട്ടികളുടെ വിഭാഗത്തിൽ

എറണാകുളവും ജേതാക്കളായി. ജൂനിയർ മിക്സഡ് നെറ്റ് ബോൾ ചാമ്പ്യൻഷിപ്പിലും എറണാകുളം കിരീടം നേടി.

*********************************

********************************************************************************

*****************************************************

RNU TVPM